പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2610 12.02.2019-ൽ മറുപടിയ്ക്ക്

## സാംസ്കാരിക സംഘടനകൾക്ക് ധനസഹായം

| ചോദ്യം<br>ശ്രീ. വി. ടി. ബൽറാം | ഉത്തരം<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ സഹായമാണ് നൽകുന്നത്;വ്യക്തമാക്കാമോ; | (എ) ഉണ്ട്. താഴെ പറയുന്ന വിവിധ ധനസഹായങ്ങൾ അനുവദിച്ച് വരുന്നുണ്ട്.<br>1, ആവർത്തന/വാർഷിക ഗ്രാന്റ്<br>2, അനാവർത്തന ഗ്രാന്റ്<br>3, സ്പെഷ്യൽ ഗ്രാന്റ്<br>4, ഒറ്റ-തവണ ധനസഹായം |
| (ബി) 2016-17, 2017-18 എന്നീ വർഷങ്ങളിൽ ഏറ്റവും കൂടുതൽ തുക ലഭിച്ച മൂന്ന് സാംസ്കാരിക സംഘടനകളുടെ വിശദാംശം നൽകുമോ; | (ബി) 2016-17<br>1, ജാതിയില്ലാ വിളംബര മ്യൂസിയ നിർമ്മാണത്തിന് ശ്രീ. നാരായണ ധർമ്മ സംഘം ട്രസ്റ്റിന് 5 കോടി രൂപ അനുവദിച്ചു.<br>2, തിരുവനന്തപുരം ജില്ലയിലെ ലാറി ബേക്കർ സെന്ററിന് 2 കോടി രൂപ അനുവദിച്ചു.<br>3, തൃശ്ശൂർ ജില്ലയിലെ വടക്കേ മഠം ബ്രഹ്മസ്വത്തിന് 1 കോടി രൂപ അനുവദിച്ചു.<br>2017-18<br>1, ശ്രീ നാരായണ ധർമ്മ സംഘം ട്രസ്റ്റ് ശിവഗിരിക്ക് 8 കോടി രൂപ അനുവദിച്ചു. (വർക്കല ശിവഗിരി കൺവെൻഷൻ സെന്റർ നിർമ്മാണത്തിനായി)<br>2, തിരുവനന്തപുരം ജില്ലയിലെ അക്കാദമി ഓഫ് മാജിക്കൽ സയൻസിന് 1 കോടി രൂപ അനുവദിച്ചു |

3, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന എൻ. എൻ. കക്കാട് സ്മാരക സമിതിയ്ക്ക് 75 ലക്ഷം രൂപ അനുവദിച്ചു.

| | |
|---|---|
| (സി) പ്രസ്തുത തുക ചെലവാക്കുന്നത് സംബന്ധിച്ച് സാംസ്കാരിക വകുപ്പ് എന്തെങ്കിലും പരിശോധന നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ? | (സി) സാംസ്കാരിക വകുപ്പ് മുഖാന്തിരം ആവർത്തന ഗ്രാന്റ് നല്കി വരുന്ന സ്ഥാപനങ്ങളിൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയത്തിലെ ഇന്റേർനൽ ഓഡിറ്റ് വിഭാഗം പരിശോധന നടത്തി വരുന്നുണ്ട് കൂടാതെ തുക അനുവദിച്ച് കൊണ്ട് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനും, അക്കൗണ്ടന്റ് ജനറലിനും, ധനകാര്യ പരിശോധനാ വകുപ്പിനും അയച്ച് കൊടുക്കാറുണ്ട്. നിലവിൽ ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന തുകയിന്മേൽ അതത് സാംസ്കാരിക സംഘടന/ സമിതി/സ്ഥാപനം/ഫൗണ്ടേഷൻ അധികൃതർ നിശ്ചിത മാതൃകയിലുള്ള ധന-വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ